പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2008 7/07/2015-ൽ മറുപടിക്ക്

# വിതരണശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>,,എം.പി.വിൻസെന്റ്<br>,, ജോസഫ് വാഴയ്ക്കൻ<br>,,സി.പി.മുഹമ്മദ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകിവരുന്നത്; | (എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ ശൃംഖലയിൽ നിന്നും പൊതുജനങ്ങൾക്ക് സംഭവിക്കുന്ന മാരകവും മാരകമല്ലാത്തതുമായ അപകടങ്ങൾക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരം അനുവദിച്ചു വരുന്നു. ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും സംഭവിക്കുന്ന അപകടങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നില്ല. വൈദ്യുതി അപകടങ്ങൾക്കുള്ള ആശ്വാസധനം/ നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ വിതരണ ശൃംഖലയിലെ തകരാറുകൾ മൂലം പൊതുജനങ്ങൾക്കു സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്ക് 5 ലക്ഷം രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക്, അപകടത്തിന്റെ ഫലമായി സംഭവിച്ച സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (5 ലക്ഷം രൂപയുടെ) ആശ്വാസ ധനം/ നഷ്ടപരിഹാരമായി നൽകി വരുന്നുണ്ട്.<br>2. പൊതുജനങ്ങളുടെ അശ്രദ്ധ, അറിവില്ലായ്മ എന്നിവ മൂലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ ശൃംഖലയിൽ നിന്നും സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്ക് ഒരു ലക്ഷം രൂപയും, മാരകമല്ലാത്ത അപകടങ്ങൾക്ക് അപകടത്തിന്റെ ഫലമായി സംഭവിച്ച സ്ഥിരവും സ്ഥായിയുമായ അംഗ |

(....2)

| | |
|---|---|
| | വൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ (ഒരു ലക്ഷം രൂപയുടെ) തുകയും ആശ്വാസധനം/ നഷ്ടപരിഹാരമായി നൽകി വരുന്നു. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ; | (ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്കു നൽകി വരുന്ന ആശ്വാസധനം ഒരു ലക്ഷം രൂപയായിരുന്നു. എന്നാൽ ഇത് 1/06/2014 –മുതൽ 5 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്.<br>ആശ്വാസധനം/ നഷ്ടപരിഹാരത്തിന്റെ അർഹത പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ / വിവരങ്ങൾ ആവശ്യമായിട്ടുണ്ട്.<br>1. അപകടത്തിന്റെ പ്രഥമ വിവര റിപ്പോർട്ട്<br>2. സൈറ്റ് മഹസ്സർ<br>3. വിശദവിവര റിപ്പോർട്ട്<br>4.മരണ സർട്ടിഫിക്കറ്റ്<br>5. പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ്<br>6. പോലീസ് എഫ്.ഐ.ആർ<br>7. പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ട്<br>8. അനന്തരാവകാശ സർട്ടിഫിക്കറ്റ്<br>9. സമ്മത സത്യവാങ്മൂലം. |
| (സി) പ്രസ്തുത നഷ്ടപരിഹാരത്തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) മേൽ രേഖകൾ ലഭ്യമാകുന്ന മുറയ്ക്കുതന്നെ ആശ്വാസധനം/നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ